# IDEAL CONSULTANCY
(DEALS WITH EVERYTHING RELATED TO LAND)
Peoples Nagar 160, Kollam 1

*Ancil John, BSc. Engg. - Chief Engineer (Rtd), Ph: 9847163590*
*Melvil.L, B.Sc, B.Ed, M.A (Soc.) - Asst. Director (Rtd. Health), Ph: 9895988494*
*Sebastian Paul, LL.M, MBA - Tahsildar (Rtd), Ph: 9037759970*

Date: 16-04-19

ജില്ലാ കളക്ടർ,
കൊല്ലം

സർ,

**വിഷയം: ചിറക്കര ഗ്രാമപഞ്ചായത്ത് പബ്ലിക് മാർക്കറ്റ് സാമൂഹ്യ ആഘാതപഠനം - അന്തിമ റിപ്പോർട്ട് സംബന്ധിച്ച്:**

**സൂചന: 1)ജില്ലാ കളക്ടറുടെ LA6/64819/07 നം. ഉത്തരവ് തീയതി 29-09-2018**

**2) 11(3) വിജ്ഞാപനം തീയതി: 04-12-2018**

കൊല്ലം താലൂക്കിൽ പരവൂർ വില്ലേജിൽ ബ്ലോക്ക് നം. 32ൽ റീസർവ്വേ 426/11-3, 426/11-4 നമ്പരുകളിൽപ്പെട്ട 06.25 ആർസ് (15.5സെന്റ്) പുരയിടം ചിറക്കര പഞ്ചായത്ത് പബ്ലിക് മാർക്കറ്റ് എന്ന പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനുമുള്ള അവകാശം നിയമം 2013 ചട്ടം 2015 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധമായി SIA Unit No.2 ഐഡിയൽ കൺസൾട്ടൻസി സാമൂഹ്യ ആഘാതപഠനം നടത്തി തയ്യാറാക്കിയ അന്തിമ റിപ്പോർട്ട് മേൽ നടപടിയ്ക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ടീം ലീഡർ
SIA Unit - 2

# പബ്ലിക് മാർക്കറ്റ് – ചിറക്കര

## സാമൂഹ്യ ആഘാത പഠനം - അന്തിമ റിപ്പോർട്ട്

കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ പരവൂർ വില്ലേജിൽ ചിറക്കര ഗ്രാമപഞ്ചായത്തിനുവേണ്ടി പബ്ലിക് മാർക്കറ്റ് നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുമ്പോൾ ഉണ്ടാകാവുന്ന സാമൂഹിക ആഘാതം വിലയിരുത്തുന്നതിന് കൊല്ലം ജില്ലാ കളക്ടറുടെ നിർദ്ദേശാനുസരണം സാമൂഹിക ആഘാത പഠന യൂണിറ്റ് നമ്പർ 2 ഐഡിയൽ കൺസൾട്ടൻസി ബന്ധപ്പെട്ട വിഷയത്തിൽ ആവശ്യമായ പഠനം നടത്തി തയ്യാറാക്കിയ അന്തിമ റിപ്പോർട്ട്.

**ആമുഖം:**

കൊല്ലം ജില്ലയുടെ കിഴക്കേ അതിരിലുള്ള ഗ്രാമപഞ്ചായത്താണ് ചിറക്കര. കൊല്ലത്തുനിന്നും 16 കി.മീ. കിഴക്കായും പരവൂർ ൗണിൽ നിന്നും 8കി.മീ. വടക്കു കിഴക്കായും ഈ പ്രകൃതി രമണീയമായ സ്ഥലം സ്ഥിതി ചെയ്യുന്നു. ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് വിഭജിച്ചാണ് ചിറക്കര പഞ്ചായത്ത് രൂപീകരിച്ചിട്ടുള്ളത്. ഈ പഞ്ചായത്തിന് തെക്കുപടിഞ്ഞാറായി പരവൂർ മുനിസിപ്പാലിറ്റി സ്ഥിതി ചെയ്യുന്നു.

ചിറക്കര താഴം എന്ന സ്ഥലത്താണ് ഗ്രാമപഞ്ചായത്ത് ആസ്ഥാനം സ്ഥിതി ചെയ്യുന്നത്. പ്രശസ്തമായ ക്ഷേത്രങ്ങളും

ടൂറിസ്റ്റ് കേന്ദ്രങ്ങളും ചിറക്കരയെ വ്യത്യസ്തമാക്കുന്നു. എസ്.എൻ, കോളേജ്, ചാത്തന്നൂർ, ഗവ.ഹൈസ്ക്കൂൾ ഉളിയനാട്, ഗവ. ഹൈസ്ക്കൂൾ ചിറക്കര, ഗവ:ഹൈസ്ക്കൂൾ നെടുങ്ങോലം, ചിറക്കര പബ്ലിക് ലൈബ്രറി, ഇന്ത്യൻബാങ്ക് എന്നിവ ചിറക്കര യിലെ പ്രധാന സ്ഥാപനങ്ങളാണ്. കേരളത്തിന്റെ ദേശാടനപക്ഷി കേന്ദ്രമായ പോളച്ചിറ ചിറക്കരയിലാണ് സ്ഥിതിചെയ്യുന്നത്. ധാരാളം വിദേശസഞ്ചാരികളെ ആകർഷിക്കുന്ന പ്രധാന ടൂറിസ്റ്റ് കേന്ദ്രവും കൂടിയാണ് പോളച്ചിറ. 37 സ്പീഷീസുകളിലായി ശരാശരി 26,000 പക്ഷികൾ വർഷം തോറും പോളച്ചിറ ഏലായിൽ വന്നുപോകുന്നു.



പോളച്ചിറയ്ക്ക് സമീപം ലോകപ്രശസ്തമായ ആനത്താവളം സ്ഥിതി ചെയ്യുന്നു. പോളച്ചിറ ഏല മൂന്ന് പൂവ് നിലമാണ്. വർഷംതോറും മൂന്നു പ്രാവശ്യം ഇവിടെ നെൽകൃഷി നടത്താൻ

കഴിയും. നിലവിൽ പോളച്ചിറയിൽ ഒരു പുഞ്ചകൃഷിയും ഒരു മത്സ്യ കൃഷിയും നടത്തുന്നു. സമീപ ഏലകളിൽ മൂന്നു പ്രാവശ്യം നെൽകൃഷി നടത്തിവരുന്നു. കാർഷികവിളകൾക്ക് പേരുകേട്ട ചിറക്കര ഗ്രാമപഞ്ചായത്തിൽ ഒരു പൊതുകച്ചവടസ്ഥലം ഇല്ലാത്തതിന്റെ ബുദ്ധിമുട്ട് കച്ചവടക്കാരെയും പൊതുജനത്തേയും പഞ്ചായത്തിനേയും വളരെ ദോഷകരമായി ബാധിക്കുന്നുണ്ട്.

കാർഷിക വിളകൾ പ്രോത്സാഹിപ്പിക്കാനും വിപണി കണ്ടെത്താനും പഞ്ചായത്ത് വളരെയധികം പദ്ധതികൾ നടപ്പാക്കി വരുന്നു. "ഒരു നെല്ലും ഒരു മീനും" പദ്ധതിയിൽ ആറുമാസം നെൽകൃഷിയും ആറുമാസം മത്സ്യകൃഷിയുമാണ് നടത്തുന്നത്. വളരെ വിപണന സാദ്ധ്യതയുള്ള മത്സ്യങ്ങൾ ഇവിടെനിന്നും ലഭിക്കുന്നുണ്ട്. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പച്ചക്കറി ക്ലസ്റ്റർ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. "ചിറക്കര ബ്രാന്റ് കുത്തരി" എന്നപേരിൽ നല്ല അരി മാർക്കറ്റിൽ ഇറക്കിയിട്ടുണ്ട്. നിലവിലുള്ള ബ്രാന്റുകളെക്കാൾ ഗുണത്തിലും രുചിയിലും വേർതിരിഞ്ഞു നിൽക്കുന്ന ഈ കുത്തരി ചിറക്കരയുടെ അഭിമാനമായി. മാറിയിട്ടുണ്ട്. നാളീകേരം, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ ഉയർന്ന വിളവ് നൽകുമ്പോൾ കൃഷിക്കാർക്ക് പരമാവധി പ്രയോജനം ഉണ്ടാകണമെങ്കിൽ ഇവയ്ക്ക് വിപണനകേന്ദ്രം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ഈ പ്രശ്നത്തിനുള്ള പരിഹാരമായാണ് പഞ്ചായത്ത് പൊതുകച്ചവട സ്ഥലത്തിനായി സ്ഥലം ഏറ്റെടുക്കുന്നത്.

## ഏറ്റെടുക്കേണ്ട സ്ഥലം:

കൊല്ലം താലൂക്കിൽ പരവൂർ വില്ലേജിൽ ബ്ലോക്ക് 32 ൽ റീസർവ്വേ 426/11-3, 426/11-4 നമ്പരുകളിൽപ്പെട്ട 06.25 ആർസ് (15 സെന്റ്) സ്ഥലമാണ് പബ്ലിക് മാർക്കറ്റിനുവേണ്ടി ഏറ്റെടുക്കുന്നത്. ഈ സ്ഥലം പരവൂർ വില്ലേജിൽ എം.എൽ.എ.മുക്ക് ഭൂതക്കുളം പി.ഡബ്ല്യൂ റോഡിൽ ഒഴുകുപാറ ജംഗ്ഷനിൽ റോഡിനു കിഴക്കായി റോഡിന് ചേർന്ന് സ്ഥിതി ചെയ്യുന്നു. ടി വസ്തുവിൽ 4 തേക്കുമരങ്ങളും 50 വർഷം പഴക്കമുള്ള ഒരു പ്ലാവും ദേഹണ്ഡങ്ങളായി കാണുന്നു. ഈ സ്ഥലത്ത് ആരാധനാലയങ്ങളോ, ശവകുടീരങ്ങളോ, മറ്റ് ചമയങ്ങളോ ഇല്ലാത്തതാണ്. ഈ സ്ഥലം ഏകദേശം സമചതുരത്തിൽ ഒറ്റനിരപ്പിൽ സ്ഥിതി ചെയ്യുന്നതും പബ്ലിക് മാർക്കറ്റിന് ഏറ്റവും അനുയോജ്യവുമാണ്.

## വസ്തുവിവര പട്ടിക

| ക്രമ നം. | സർവ്വേ | വിവരണം | ആവശ്യമുള്ള ഭൂമി | ഉടമസ്ഥർ |
|---|---|---|---|---|
| 1 | 426/11-3<br>426/11-4 | കരഭൂമി | 06.25<br>ആർസ് | ശിവപ്രസാദ്<br>ശിവാലയം,<br>കോങ്ങാൽ, പരവൂർ |

## ഭൂമിയുടെ വിവരം

പരവൂർ വില്ലേജിൽ ബ്ലോക്ക് 32 ൽ റീസർവ്വേ 426/11-3 ൽപ്പെട്ട 05.09 ആർസ് വസ്തുവും റീസർവ്വേ നം. 426/11-4 ൽപ്പെട്ട 01.16 ആർസ് വസ്തുവും പരവൂർ വില്ലേജിൽ കോങ്ങാൽ ശിവാലയത്തിൽ ദാമു മകൻ ശിവപ്രസാദ് പേരിൽ കരം ഒടുക്കിലും കൈവശത്തിലുമാണെന്ന് കാണുന്നു.

## സ്ഥലത്തിന്റെ ലഭ്യത:

ഈ സ്ഥലം ഏറ്റെടുക്കൽ നടപടി 12 വർഷം മുമ്പ് തുടങ്ങിയതാണ്. 27-03-2008 ൽ 2 ലക്ഷം രൂപ ചിറക്കര ഗ്രാമപഞ്ചായത്ത് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കൊല്ലം കളക്ട്രേറ്റ് ഫണ്ടിൽ ട്രഷറിയിൽ അടച്ചതായി കാണുന്നു. അന്നത്തെ സ്ഥലമുടമ ശ്രീ. ഭാസ്ക്കരൻ, വട്ടവിളവീട്, പൂതക്കുളം, പരവൂർ എന്നയാളായിരുന്നു. എന്നാൽ ടിയാന്റെ മരണശേഷം മക്കളായ ഷീല, കലാദേവി എന്നിവരുടെ പേരിൽ വസ്തു വരികയും 2016 ൽ ടി ആളുകൾ കൊല്ലം താലൂക്കിൽ മുണ്ടയ്ക്കൽ വില്ലേജിൽ ശീതൾ വീട്ടിൽ ആനന്ദൻ മകൻ സന്തോഷ്കുമാറിന് മുക്ത്യാർ നൽകുകയും ടിയാൻ ടി വസ്തു ഇപ്പോഴത്തെ ഉടമസ്ഥനായ ശിവപ്രകാശ്, ശിവാലയം, കൊങ്ങാൽ, പരവൂർ എന്നയാൾക്ക് വിൽക്കുകയും ചെയ്തു. പരവൂർ വില്ലേജിലെ 6913 നമ്പർ തണ്ടപ്പേർ പ്രകാരം 07.01.17 മുതൽ ടി വസ്തു ശിവപ്രസാദ് പേരിൽ കരം ഒടുക്കിലാണ്. ശ്രീ. ശിവപ്രസാദ് കുടുംബസമേതം വിദേശത്തായതിനാൽ നോട്ടീസ് പതിച്ചു നടത്തുകയാണ് ചെയ്തിട്ടുള്ളത്. 26-03-2019 ൽ ചിറക്കര ഗ്രാമ

പഞ്ചായത്ത് ഹാളിൽ വച്ചുനടത്തിയ പൊതുവിചാരണയിൽ സ്ഥല മുടമയോ ഉടമയക്കുവേണ്ടി മറ്റാരെങ്കിലുമോ ഹാജരായിട്ടില്ലാത്ത താണ്. 2008 ൽ ആരംഭിച്ച സ്ഥലമെടുപ്പ് പലപല കാരണങ്ങളാൽ അനന്തമായി നീളുന്ന സാഹചര്യത്തിൽ ഉടമയ്ക്ക് ന്യായമായ നഷ്ടപരിഹാരം ലഭ്യമാക്കി സ്ഥലമെടുപ്പ് നടപടികളുമായി മുന്നോട്ട് പോകാവുന്നതാണ്. വസ്തു ഉടമയ്ക്ക് പരവൂർ വില്ലേജിൽത്തന്നെ സ്വന്തമായി വീടും മറ്റ് സ്ഥലങ്ങളും ഉള്ളതാണ്. ഈ സ്ഥലമെടുപ്പ് കക്ഷിയുടെ തൊഴിലിനെയോ വരുമാനത്തെയോ യാതൊരുതരത്തിലും ബാധിക്കുന്നതല്ലെന്നും കാണുന്നു.

<u>പകരം ഭൂമി ലഭ്യത:</u>

എം.എൽ.എ. മുക്ക് - ഭൂതക്കുളം പി.ഡബ്ല്യു.ഡി. റോഡരി കിൽ ജി.എൽ.പി.എസിന് സമീപം റോഡിന് കിഴക്കായാണ് നിലവിൽ മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്നത്. പഴം, പച്ചക്കറി, നാളികേരം തുടങ്ങിയവയും ഈ സ്ഥലത്ത് റോഡരികിൽ കച്ചവടം ചെയ്യുന്നു. ടി റോഡിന് സമീപം അടുത്തെങ്ങും തന്നെ സർക്കാർ ഭൂമിയോ, അനുയോജ്യമായ മറ്റ് സ്വകാര്യ വ്യക്തിക ളുടെ വസ്തുവോ ലഭ്യമല്ല. ചമയങ്ങളില്ലാത്തതും കൂടുതൽ ദേഹണ്ഡങ്ങൾ ഇല്ലാത്തതും വാഹനസൗകര്യം ഉള്ളതുമായ ഒരു സ്ഥലം കണ്ടെത്താൻ കഴിയാത്ത സ്ഥിതിക്ക് പൊതുകച്ചവടസ്ഥലം നിർമ്മിക്കുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലം ശ്രീ. ശിവപ്രസാദ്, ശിവാലയം, കോങ്ങാൽ, പരവൂർ എന്നയാളുടെ പേരിലുള്ള റീസർവ്വേ 426/11-3, 426/11-4 നമ്പരുകളിൽപ്പെട്ട 06.25 ആർസ് വസ്തുവാണെന്ന് കാണുന്നു.

**പൊതു ആവശ്യത്തിനാണോ ഭൂമി ഏറ്റെടുക്കുന്നത്:**

12 വർഷങ്ങൾക്കുമുമ്പ് ഒഴുക്കുപാറ ജംഗ്ഷനിൽ നടത്തുന്ന പൊതുകച്ചവടം മൂലം പൊതുജനങ്ങൾക്കും യാത്രക്കാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ട് തദ്ദേശവാസികൾ ഒരു കൂട്ടായ പരാതിയിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അന്നത്തെ പഞ്ചായത്ത് കമ്മിറ്റി അതിന്മേൽ വിശദമായ പഠനം നടത്തി ഒഴുകുപാറ ജംഗ്ഷനിൽ എൽ.പി.സ്കൂളിന് എതിർവശം റോഡിന് കിഴക്കായുള്ള വെറുതെ കിടക്കുന്ന സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി ആരംഭിച്ചിട്ടുള്ളതുമാണ്. പഞ്ചായത്ത് ഫണ്ടിൽ നിന്നും വസ്തു ഏറ്റെടുക്കുന്നതിനുള്ള തുക കണ്ടെത്തണമെന്ന നിർദ്ദേശത്തോടെ കേരളസർക്കാർ ടി സ്ഥലമെടുപ്പിന് അംഗീകാരം നൽകിയിട്ടുള്ളതുമാണ്.

ചിറക്കര ഗ്രാമപഞ്ചായത്തിന്റെ പൊതുകച്ചവടസ്ഥലം എന്ന പദ്ധതി പൊതുജനത്തിന് ഏറ്റവും ഉപകാരപ്രദവും ജനത്തിന്റെ ചിരകാല അഭിലാഷവുമാണ്. ഗ്രാമീണ കർഷകരുടെ കാർഷിക ഉത്പന്നങ്ങൾ വിൽക്കുന്നതിനും പൊതുജനത്തിന് ഗാർഹിക ആവശ്യങ്ങൾക്കുള്ള വകകൾ വാങ്ങുന്നതിനും ഉപകാരപ്രദമാകുന്ന പൊതുകച്ചവടസ്ഥലം തികച്ചും പൊതു ആവശ്യമാണ്. സ്വകാര്യ വ്യക്തിയുടെ വസ്തു ഏറ്റെടുക്കുമ്പോൾ ആയത് പൊതു ആവശ്യത്തിനാണോ എന്ന് ഉറപ്പാക്കേണ്ടതാണ്. SIA Unit 2 ഐഡിയൽ കൺസൾട്ടൻസിയുടെ അന്വേഷണത്തിലും സ്ഥലപരിശോധനയിലും പഞ്ചായത്തിന്റെ റിക്കാർഡുകൾ, തീരുമാനങ്ങൾ, ഗവ.

ഉത്തരവ് എന്നിവ പരിശോധിച്ചതിലും തികച്ചും പൊതുവായ ആവശ്യത്തിനുവേണ്ടിയാണ് ഈ സ്ഥലം ഏറ്റെടുക്കുന്നതെന്ന് വ്യക്തമായിട്ടുള്ളതാണ്. പദ്ധതി നടപ്പാക്കുന്നത് സർക്കാരിന്റെ തന്നെ ഭാഗമായ ചിറക്കര ഗ്രാമപഞ്ചായത്താണ്. അതിനാൽ ഭൂമി ഏറ്റെടുക്കുന്നത് പൊതുആവശ്യത്തിനാണ്.

## ബന്ധപ്പെട്ടവരെ കേൾക്കൽ:

പരവൂർ വില്ലേജിലെ ബ്ലോക്ക് 32ൽ റീസർവ്വേ 426/11-3, 426/11-4 നമ്പരുകളിൽപ്പെട്ട 06:25 ആർസ് വസ്തു ഒരു പൊതു ആവശ്യത്തിന് അതായത് ചിറക്കര ഗ്രാമപഞ്ചായത്ത് പൊതുകച്ചവടസ്ഥലം നിർമ്മിക്കുന്നതിന് ആവശ്യമുണ്ടെന്നും അതിന്മേൽ ഭൂമി വിട്ടുനൽകേണ്ടവർക്കും പൊതുജനങ്ങൾക്കും അഭിപ്രായം അറിയിക്കുന്നതിലേക്കായി 20-01-2019ൽ കളക്ടറേറ്റിൽ പൊതു വിചാരണ വച്ചിരുന്നതും ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകിയിരുന്നതുമാണ്. എന്നാൽ ആരും തന്നെ കളക്ടറേറ്റിൽ ഹാജരായി അനുകൂലമോ, പ്രതികൂലമോ ആയ അഭിപ്രായങ്ങൾ അറിയിച്ചിട്ടില്ലാത്തതാണ്. ഈ സാഹചര്യത്തിൽ 26-03-2019 ന് ചിറക്കര ഗ്രാമപഞ്ചായത്ത് ആഫീസിൽവച്ച് പൊതുവിചാരണ നടത്തുന്നതിന് ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകുകയും പത്രങ്ങളിൽ പരസ്യപ്പെടുത്തിയിട്ടുള്ളതുമാണ്.



*പൊതുവിചാരണ*

26-03-2019 ന് പകൽ 11 മണിക്ക് ചിറക്കര ഗ്രാമപഞ്ചായത്ത് ഹാളിൽ വിചാരണ ആരംഭിച്ചു. ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ്, മുൻപ്രസിഡന്റ്, മെമ്പർമാർ, വസ്തു ഏറ്റെടുക്കുന്നതിന്റെ സമീപത്ത് താമസിക്കുന്നവർ എന്നിവരെല്ലാം യോഗത്തിൽ പങ്കെടുത്തു. ഐഡിയൽ കൺസൾട്ടൻസിയിൽ നിന്നും ടീം ലീഡറായ ശ്രീ. സെബാസ്റ്റ്യൻപോളും സോഷ്യോളജിസ്റ്റായ ശ്രീ. മെൽവിനും പങ്കെടുത്തു. പങ്കെടുത്തവരിൽ നിന്നും പ്രധാനമായും ഉയർന്ന അഭിപ്രായങ്ങൾ ചുവടെ ചേർക്കുന്നു.

ശ്രീ. പ്രേമചന്ദ്രൻ ആശാൻ (മുൻ പഞ്ചായത്ത് പ്രസിഡന്റ്)

2008 ൽ സ്ഥലമെടുപ്പ് നടപടികൾ തുടങ്ങിയതാണ്. പലസ്ഥലങ്ങളും പരിഗണിച്ച ശേഷമാണ് ഏറ്റവും അനുയോജ്യം നിലവിൽ കച്ചവടം നടത്തുന്ന ഒഴുകുപാറ ജംഗ്ഷന് സമീപം എൽ.പി.സ്ക്കൂളിന്റെ എതിർവശത്തുള്ള സ്ഥലമാണെന്ന് കാണുകയും

ആ സ്ഥലം ഏറ്റെടുക്കുന്നതിന് പൊന്നുംവില തഹസീൽദാർ നിശ്ചയിച്ച വില കളകട്രേറ്റിൽ അടയ്ക്കുകയും ചെയ്തത്. ചിറക്കര പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഈ ഭൂമി ഏറ്റെടുക്കൽ സഹായിക്കുന്നതാണ്. ഇത്തിക്കരയാറിലെ മത്സ്യവും ഗ്രാമീണ ഉത്പന്നങ്ങളും പോളച്ചിറ ഏലായിലെയും പരവൂർ കായലിലെയും മത്സ്യ വിഭവങ്ങളും ഈ പൊതുകച്ചവടസ്ഥലത്ത് വിൽക്കാൻ കഴിയുന്നതാണ്. പരവൂരിനും പാരിപ്പള്ളിക്കും ഇടയ്ക്കുള്ള ഏറ്റവും വലിയ മാർക്കറ്റ് ആയിരിക്കും വരാൻ പോകുന്നത്. ഇനിയും താമസമുണ്ടാകാതെ സ്ഥലം ഏറ്റെടുത്തു നൽകിയാൽ പഞ്ചായത്തിന്റെ ചിരകാലാഭിലാഷം നടപ്പിലാകുന്നതാണ്.

<u>മനോഹരൻ, ശ്രീഹരിവിലാസം, പോളച്ചിറ</u>

സ്ക്കൂൾ കുട്ടികൾക്കും പൊതുജനത്തിനും ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്, നിലവിൽ ഒഴുകുപാറ ജംഗ്ഷനിൽ പി.ഡബ്ല്യൂ.ഡി.റോഡിന് ഇരുവശവുമുള്ള കച്ചവടം. മത്സ്യവും കാർഷിക ഉൽപ്പന്നങ്ങളും ഇവിടെ കച്ചവടം ചെയ്യപ്പെടുന്നു. പൊതുമാർക്കറ്റ് നിലവിൽ വരുമ്പോൾ റോഡരികിലെ കച്ചവടം ഒഴിവാകുകയും ജനത്തിന്റെ ബുദ്ധിമുട്ട് അവസാനിക്കുകയും ചെയ്യും. പൊതുമാർക്കറ്റിന് ഏറ്റവും അനുയോജ്യമാണ് നിലവിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം.

അഡ്വ. വേണു:

നിലവിൽ കച്ചവടം നടക്കുന്ന ഒഴുകുപാറ ജംഗ്ഷന് അരകിലോമീറ്റർ ദൂരെയാണ് താമസിക്കുന്നത്. ഈ ജംഗ്ഷനിലൂടെ യാത്ര ചെയ്യാൻ പലപ്പോഴും ബുദ്ധിമുട്ടാണ്. സ്ക്കൂളിനു സമീപം റോഡരികിലെ കച്ചവടം വളരെയധികം അപകടങ്ങൾ ഉണ്ടാക്കുന്നതാണ്. സ്കൂൾ വാനുകൾ, എഞ്ചിനീയറിംഗ് കോളേജിന്റെ ബസ്സുകൾ, മറ്റ് വാഹനങ്ങൾ എന്നിവ കടന്നുപോകുമ്പോൾ മത്സ്യവും മറ്റ് പച്ചക്കറികളും വാങ്ങാൻ വരുന്നവരും വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ചീനി, പച്ചക്കറികൾ, മത്സ്യം, ഗ്രാമീണ കാർഷിക വിഭവങ്ങൾ, നാളീകേരം, അരി തുടങ്ങിയ എന്തും വില്പനയ്ക്കെത്തുന്ന ഇവിടെ പൊതു മാർക്കറ്റിനായി സ്ഥലം ഏറ്റെടുക്കേണ്ടത് ഏറ്റവും അത്യാവശ്യമാണ്. ഇപ്പോൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം ഏറ്റവും അനുയോജ്യമാണ്. തെക്കോട്ട് 25മീറ്ററും വടക്കോട്ട് 20 മീറ്ററും റോഡിന് അഭിമുഖമായി ഭൂവുടമയ്ക്ക് സ്ഥലമുള്ളതാണ്. ഇപ്പോൾ ഏറ്റെടുക്കുന്ന 19മീറ്റർ നീളത്തിലുള്ള സ്ഥലം വിട്ടുകൊടുക്കുന്നതുകൊണ്ട് ഭൂവുടമയ്ക്ക് കാര്യമായ നഷ്ടം ഉണ്ടാകാനിടയില്ല. മറ്റ് പലയിടങ്ങളിലും അവർക്ക് വസ്തു വകകളും വീടും ഉള്ളതാണ്. മാന്യമായ വിലനൽകി ഭൂവുടമയിൽ നിന്നും സ്ഥലം ഏറ്റെടുക്കേണ്ടതാണ്.

ശ്രീലത ( വാർഡ് മെമ്പർ):

ഗ്രാമീണരുടെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനും പൊതുജനങ്ങൾക്ക് ഏതുവകകളും വാങ്ങുന്നതിനും പൊതുമാർക്കറ്റ് ഏറ്റവും അത്യാവശ്യമാണ്. നിലവിൽ റോഡരികിലെ കച്ചവടം വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതും അപകടങ്ങൾ ക്ഷണിച്ചു വരുത്തുന്നതുമാണ്. വസ്തു ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയാൽ പഞ്ചായത്ത് നിവാസികൾക്ക് വളരെ ഉപകാരപ്രദമായിരിക്കും.

സിന്ധുമോൾ (വാർഡ് മെമ്പർ):

നാടൻ പച്ചക്കറികളും, ചീര, നാരങ്ങ, നെല്ലിക്ക, കാന്താരി തുടങ്ങി മറ്റ് മാർക്കറ്റുകളിൽ ലഭ്യമല്ലാത്ത കാർഷിക വിഭവങ്ങൾ വിപണനം ചെയ്യുന്നതിന് പൊതുകച്ചവടസ്ഥലം വരേണ്ടത് ഏറ്റവും ആവശ്യമാണ്. ചിറക്കര ബ്രാൻഡ് കുത്തരി, നാളീകേരം, ചേന, ചേമ്പ്, വാഴക്കുല എന്നിവയും പോളച്ചിറ ഏല, ഇത്തിക്കരയാറ് എന്നിവിടങ്ങളിലെ മത്സ്യങ്ങളും പരവൂർ കായലിലെ കക്ക, കണമ്പ്, കരിമീൻ തുടങ്ങിയവയും വിപണനം ചെയ്യുന്നതിന് മാർക്കറ്റ് സഹായകമാകും. സ്ക്കൂളിനു മുന്നിലെ കച്ചവടം അപകടങ്ങളുണ്ടാക്കുന്നു. അതിന് പരിഹാരം ഉണ്ടാകും. കഴിയുന്നതും എത്രയും വേഗം സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായാൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നതാണ്.

ശ്രീ. പ്രദീപ് (പഞ്ചായത്ത് പ്രസിഡന്റ്):

1894 ലെ സ്ഥലമെടുക്കൽ നിയമമനുസരിച്ച് 2008 ൽ 4(1) പരസ്യം നൽകുകയും സർക്കാർ ഉത്തരവിൻ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള പണം ട്രഷറിയിൽ അടച്ചിട്ടുള്ളതുമാണ്. പരവൂരിനും പാരിപ്പള്ളിക്കുമിടയ്ക്കുള്ള ഏറ്റവും പ്രധാനപ്പെട്ട മാർക്കറ്റാണ് നിലവിൽ വരാൻ പോകുന്നത്. സ്ഥലം ഏറ്റെടുത്ത് നൽകിയാൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പബ്ലിക് മാർക്കറ്റും ഷോപ്പിംഗ് കോംപ്ലക്സുകളും നിർമ്മിക്കാൻ കഴിയും. പൊതുജനത്തിനും കച്ചവടക്കാർക്കും ഏറെ പ്രയോജനം ചെയ്യുന്നതായിരിക്കും ഈ പദ്ധതി.

സാമൂഹ്യ ആഘാതപഠനത്തിന്റെ ആവശ്യകത:

2013 ലെ ഭൂമി ഏറ്റെടുക്കുന്നതിലും പുനഃരധിവാസത്തിലും റീസെറ്റിൽമെന്റിലും ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള അവകാശ നിയമപ്രകാരം കൊല്ലം ജില്ലാകളക്ടറുടെ LA6/64819/07 നമ്പർ ഉത്തരവിൻ പ്രകാരം SIA Unit 2 ഐഡിയൽ കൺസൾട്ടൻസിയെ ഇതിലേക്കായി ചുമതലപ്പെടുത്തുകയും നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കുന്നത് അഭികാമ്യമാണോ, പൊതു ആവശ്യത്തുനുതന്നെയാണോ ഭൂമി ഏറ്റെടുക്കുന്നത്, പദ്ധതിക്ക് ഏറ്റവും കുറഞ്ഞ വിസ്തൃതിയിലാണോ ഭൂമി ഏറ്റെടുക്കുന്നത് തുടങ്ങിയ കാര്യങ്ങൾ കൺസൾട്ടൻസി പഠിച്ച ശേഷമാണ് ഈ റിപ്പോർട്ട് തയ്യാറാക്കുന്നത്. ഇതുസംബന്ധമായ വിജ്ഞാപനം 04-12-2018ലെ കേരള ഗസറ്റിൽ LA6/64819/07 തീയതി:

23-10-2018 പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഒരു വസ്തു ഏറ്റെടുക്കുന്നതുകൊണ്ട് പൊതുകാര്യത്തിനായാൽപ്പോലും പൊതുജനങ്ങൾക്കുണ്ടാകുന്ന ദോഷകരമായ ആഘാതങ്ങൾ പരമാവധി കുറയ്ക്കാനും ഗുണകരമായ ആഘാതങ്ങൾ വർദ്ധിപ്പിക്കാനും ഭൂവുടമയ്ക്ക് പരമാവധി വില ലഭ്യമാക്കാനും എന്നാൽ അതുകൊണ്ട് മറ്റാർക്കും ദോഷഫലങ്ങൾ ഉണ്ടാക്കാതിരിക്കാനും എല്ലാവരുടെയും സഹകരണം ഉറപ്പാക്കി വേഗത്തിൽ സ്ഥമെടുപ്പും പദ്ധതി നിർവ്വഹണവും നടത്താനാണ് സാമൂഹ്യാഘാതപഠനം നടത്തുന്നത്.

## സാമൂഹ്യ ആഘാതപഠന യൂണിറ്റിന്റെ ഘടന

| | |
|---|---|
| 1. ആൻസൽ ജോൺ (B.Sc. Eng.) | - റിട്ട. ചീഫ് എഞ്ചിനീയർ (മെമ്പർ) |
| 2. മെൽവിൻ.എൽ (B.Sc, B.Ed, MA(Soc.) | - റിട്ട. അസി.ഡയറക്ടർ, ആരോഗ്യവകുപ്പ് (മെമ്പർ) |
| 3. സെബാസ്റ്റ്യൻപോൾ (B.Sc, LLM, MBA) | - റിട്ട. തഹസീൽദാർ (ടീം ലീഡർ) |

## പഠനോപാധികൾ:

എം.എൽ.എ.മുക്ക് പി.ഡബ്ല്യൂ.ഡി. റോഡിന് ചേർന്നുള്ള 06.25 ആർസ് സ്ഥലം ബന്ധപ്പെട്ട കക്ഷികളിൽ നിന്നും പൊതുആവശ്യത്തിന് ഏറ്റെടുക്കുമ്പോൾ ബന്ധപ്പെട്ടവരെ നേരിൽ കേൾക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനുമുമ്പ് പൊതു ആവശ്യത്തി

നായി സ്ഥലം വിട്ടുനൽകിയവർ ആരും തന്നെ സമീപത്ത് ഇല്ലാത്തതും അത്തരം ഭൂമി ഏറ്റെടുക്കാൻ ഈ പരിസരത്ത് നടന്നിട്ടില്ലാത്തതുമാണ്. മറ്റ് പഠനരീതികൾ സ്വീകരിച്ചിട്ടില്ല. ഏറ്റെടുക്കേണ്ട ഭൂമിയുടെ സമീപത്തുള്ളവരും വഴിയാത്രക്കാരുമായും സംസാരിച്ചതിൽ പൊതുമാർക്കറ്റ് വരുന്നത് ഏറ്റവും അഭികാമ്യമാണെന്നാണ് അഭിപ്രായപ്പെട്ടത്.

പാരിസ്ഥിതിക ആഘാതം:

ഏറ്റെടുക്കുന്ന വസ്തുവിൽ യാതൊരു ചമയങ്ങളും കച്ചവടവും കൃഷിയും നിലവിൽ ഇല്ലാത്തതാണ്. ചെറിയ നാല് തേക്കു മരങ്ങളും അൻപത് വർഷത്തിലേറെ പ്രായമുള്ളതും വളർച്ച മുരടിച്ച് കായ്ഫലമില്ലാത്തുമായ ഒരു പ്ലാവും മാത്രമാണ് ടി വസ്തുവിൽ ദേഹണ്ഡങ്ങളായുള്ളത്. ഈ വൃക്ഷങ്ങൾ മുറിച്ചു മാറ്റുന്നതുകൊണ്ട് പാരിസ്ഥിതിക ആഘാതങ്ങൾ ഉണ്ടാകുന്നതല്ല. തേക്കു മരങ്ങൾ വലിയ വളർച്ച ഇല്ലാത്തതും മുറിച്ചു വിറ്റാൽ വരുമാനമുണ്ടാകുന്നതുമല്ല. പ്രകൃതി സംതുലനത്തിൽ കാര്യമായ വ്യതിയാനം ഈ മരങ്ങൾ മുറിച്ചുമാറ്റുന്നതുകൊണ്ട് സംഭവിക്കുന്നില്ല. എന്നാൽസ്ഥലം ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ശബ്ദമലിനീകരണവും പൊടിശല്യവും നിലവിലെ കച്ചവടത്തിന് തടസ്സവും ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. നിലവിൽ റോഡരികത്ത് നടത്തുന്ന കച്ചവടം അല്പംമാറി ജംഗ്ഷന് സമീപമാക്കിയാൽ താത്ക്കാലിക കച്ചവടം തുടരാവുന്നതാണ്. പൊടിശല്യവും ശബ്ദമലിനീകരണവും മൂലം ഉണ്ടാകുന്ന ദോഷകരമായ ആഘാതം പബ്ലിക് മാർക്കറ്റ് നിലവിൽ വരുമ്പോൾ ഉണ്ടാകുന്ന

ഗുണകരമായ ആഘാതങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ ചെറുതാണ്. വേഗത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയാൽ ദോഷകരമായ ഈ ആഘാതം ലഘൂകരിക്കാൻ കഴിയും.

**വരുമാനത്തിൽ നിന്നുള്ള ആഘാതം:**

ടി പുരയിടത്തിൽ കൃഷിയൊന്നുമില്ലാതെ കാലിയായി കിടക്കുന്നതും തറ വാടകയ്ക്കോ, കൃഷി ആവശ്യത്തിനോ, പാട്ടത്തിനോ നൽകിയിട്ടില്ലാത്തതും കടകളോ, വീടോ, മറ്റ് ചമയങ്ങളോ ഇല്ലാത്തതുമാണ്. ഉടമയ്ക്ക് ടി വസ്തുവിൽ നിന്നും നിലവിൽ യാതൊരു വരുമാനവും ലഭിക്കാത്തതാകയാൽ വരുമാനത്തിൽ യാതൊരു ദോഷകരമായ ആഘാതവും സംഭവിക്കുന്നില്ല.

**തൊഴിലിൽ നിന്നുള്ള ആഘാതം:**

ടി വസ്തുവിൽ യാതൊരു തരത്തിൽപ്പെട്ട തൊഴിലും കൃഷിയും നടക്കാത്തതിനാൽ തൊഴിലിൽ നിന്നുള്ള ആഘാതം ഒട്ടും ഇല്ലാത്തതാണ്. എന്നാൽ പൊതുകച്ചവടസ്ഥലം നിലവിൽ വരുമ്പോൾ ധാരാളം ആൾക്കാർക്ക് തൊഴിൽ അവസരം ഉണ്ടാകുന്നതാണ്. ചാത്തന്നൂർ മാർക്കറ്റിനും പരവൂർ മാർക്കറ്റിനും ഇടയ്ക്കുള്ള ഏറ്റവും വലിയ മാർക്കറ്റായിരിക്കും ചിറക്കര മാർക്കറ്റ്. ധാരാളം കച്ചവട സ്ഥാപനങ്ങളും സ്റ്റുഡിയോ, ടെലഫോൺ, കംഫർട്ട് സ്റ്റേഷൻ തുടങ്ങിയ സൗകര്യങ്ങളും ഉണ്ടാകുമ്പോൾ വളരെ ഗുണകരമായ ആഘാതമാണ് ലഭ്യമാകുക. ധാരാളം തൊഴിലവസരങ്ങൾ ഉണ്ടാകുകയും ചെയ്യും. ജനത്തിന്റെ സാധാരണ

ആവശ്യങ്ങളെല്ലാം തന്നെ നിറവേറ്റാൻ ഉപകരിക്കും വിധമുള്ള പബ്ലിക് മാർക്കറ്റ് ഏറ്റെടുക്കുന്ന സ്ഥലത്ത് നിലവിൽ വരുന്നതോടുകൂടി ജനങ്ങളുടെ ജീവിതശൈലിയിലും ജീവിത രീതിയിലും വളരെ മാറ്റം ഉണ്ടാകുന്നതാണ്. ചിറക്കര പഞ്ചായത്തിന്റെ അഭിമാന സ്ഥാപനമായി മാറുന്ന ഈ മാർക്കറ്റ് ഏറ്റവും ഗുണകരമായ ആഘാതം സൃഷ്ടിക്കുകയും റോഡരികിലെ കച്ചവടം മൂലമുണ്ടാകുന്ന ദോഷകരമായ ആഘാതം ഇല്ലാതാക്കുകയും ചെയ്യുന്നതാണ്. ഈ കാരണങ്ങളാൽ ദോഷകരമായ ആഘാതങ്ങൾ ഒന്നും തന്നെയില്ലാത്തതും ഗുണകരമായ ആഘാതങ്ങൾ ഏറെയുള്ളതുമാണ് ഈ ഭൂമി ഏറ്റെടുക്കൽ എന്നുകാണാവുന്നതാണ്.

**പദ്ധതി സ്ത്രീകളെയും കുട്ടികളെയും എങ്ങനെ ബാധിക്കുന്നു:**

1270 ഹെക്ടർ വിസ്തൃതിയുള്ള ചിറക്കര ഗ്രാമപഞ്ചായത്തിൽ 2011 ലെ സെൻസസ് പ്രകാരം 17,342 ആണ് ജനസംഖ്യ. 9385 സ്ത്രീകളും 10% ലേറെ കുട്ടികളുമാണ് ഉള്ളത്. സ്ഥലമേറ്റെടുക്കൽ പൂർത്തിയായി പബ്ലിക് മാർക്കറ്റ് നിലവിൽ വരുമ്പോൾ സ്ത്രീകൾക്ക് സ്വന്തമായി വരുമാനമാർഗ്ഗം ഉണ്ടാകുന്നതാണ്. സ്ത്രീകൾ തനതായി ചെയ്യുന്ന കോഴിവളർത്തൽ, പച്ചക്കറികൃഷി എന്നിവയുടെ ഉൽപ്പന്നങ്ങൾ, പാൽ, മുട്ട, നാരങ്ങ, നെല്ലിക്ക, അച്ചാറുകൾ, ചീര എന്നിവ മാർക്കറ്റിലെത്തിച്ച് വില്പന നടത്തി സ്വന്തമായ സമ്പാദ്യം ഉണ്ടാക്കാൻ കഴിയും. കുടുംബനാഥന്റെ വരുമാനം കൂടാതെ കുടുംബനാഥയുടെ വരുമാനം കൂടി ഉണ്ടാകുമ്പോൾ കുട്ടികളെ മെച്ചമായ രീതിയിൽ വളർത്താൻ കഴിയുന്നതാണ്. നല്ല ഭക്ഷണവും വിദ്യാഭ്യാസവും നൽകി അവരുടെ

പൊതുവായുള്ള ജീവിത നിലവാരം ഉയർത്തുന്നതിന് ഈ പദ്ധതി സഹായകമാകുന്നതാണ്. ഗുണകരമായ ഈ ആഘാതം പഞ്ചായത്തിന്റെ മൊത്തത്തിലുള്ള വളർച്ചയെ സഹായിക്കുന്നതാണ്.

കാർഷിക മേഖലയായ ചിറക്കരയുടെ ജീവിത രീതിയിൽ കാര്യമായ മാറ്റം വരുത്തുന്നതിന് ഈ പദ്ധതിക്ക് കഴിയുന്നതാണ്. നിലവിൽ റോഡരികിൽ കച്ചവടം നടത്തുന്നത് അപകടങ്ങൾ ഉണ്ടാക്കുകയും തിരക്കുകാരണം കച്ചവടം കാര്യമായി നടക്കാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ ഗ്രാമീണ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ഏറെ കാര്യക്ഷമമായ കാൽവയ്പ്പായാണ് ഒരു പൊതു കച്ചവടസ്ഥലം ഒഴുകുപാറ ജംഗ്ഷനിൽ ചിറക്കര ഗ്രാമപഞ്ചായത്തിന്റെ പൂർണ്ണ ഉടമസ്ഥതയിൽ വരുന്നത്.

## ശുപാർശ

ഈ ഭൂമി ഏറ്റെടുക്കൽ സാരമായ യാതൊരു പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാക്കുന്നില്ല. അതുപോലെ തൊഴിലിനോ, വരുമാനത്തിനോ, പൊതു ഇടങ്ങൾക്കോ, സ്ഥാപനങ്ങൾക്കോ, യാതൊരു തരത്തിലുമുള്ള ദോഷകരമായ ആഘാതങ്ങളും ഉണ്ടാക്കുന്നില്ല. പൊതുജനത്തിനും കച്ചവടക്കാർക്കും ഏറെ പ്രയോജനകരമായ ഈ പദ്ധതിയുമായി മുന്നോട്ടുപോകാമെന്ന് ശുപാർശ ചെയ്യുന്നു.

ടീം ലീഡർ

ഐഡിയൽ കൺസൾട്ടൻസി

24/4/08

Form No. 2

[See Rule r (1)]

**Form of requisition for acquisition of land**

| | | |
|---|---|---|
| istrict, Taluk and Village | : | District Kollam, Taluk Kollam, Village Paravur |
| umber(s) | : | 426/Part. (Block 32). |
| and to be acquired | : | 6.25 Areas (15½ Cents) (Approximately) |
| which it is to be acquired | : | For a public Market. |
| nd designation of the depart- officer, if any, deputed for the pection with the revenue officer | : | Secretary, Chirakkara Grama Panchayath |
| t is necessary to take possession nd in advance by invoking the clause under section 17 of the quisition Act | : | Yes, Seperate resolution is attached |
| interest charge on the compen- amount may be paid from the date g possession of the land under rgency clause | : | Yes |
| resolution of the Panchayat or ouncil or Corporation underta- he land for the specific purpose ed | | Yes |
| on behalf of a Panchayat or a uncil or Corporation, whether ties regarding the suitability of ppended | : | The proposed site is Suitable, Certificate is attached. |
| the sanction of the competent y has been obtained | : | Yes G.O.No. 73/08 dt. 7-1-2008 of Local Self Govt (R.C) Department is attached. |
| he work for which the land is quired: | : | Yes - do - |
| the requisition of the land in ation | : | Yes - do - |
| necessary budget provision or meeting the cost of acquisition | | Yes in the plan fund for the year 2007-08. The Connected project No S.D 11/08 was approved by Dist. planning Committee as per plg No. 483/07/D.P.O dt. 9.11.2007. |

CERTIFICATE

1. *Demarcation*:- That the site was peg marked on the ground and the demarcation responsible officer

2. *Plan*:- That accurate measurements are furnished in the plan attached.

3. *Objection*:- That the objections of the owners have been duly considered and that of ... suitable site less open to objection by the owners was found impossible

4. *Sanction*:- That sanction of the competent authority exists for the work for which required.

5. *Funds*:- That provision has actually been made in the budget for the cost of acquisit the head of account " .................................................."

6. That the acquisition proposal satisfied the conditions prescribed in Rule 2 of the Municipalities (Acquisition and Transfer of Immovable Properties) Rules, 1962, section 68 Trivandrum City Municipal Act, 1116 or section 72 of the Calicut City Municipal Act (Applicable to Municipal Councils and Corporations only).

7. That the acquisition proposal satisfied the conditions prescribed in Rule 3 of the K Panchayats (Acquisition and Transfer of Immovable Properties Rules, 1963 (Applicabl Panchayats only).

8. That the Panchayat the Municipality or the Corporation has agreed to abide by the conditio that may be imposed for alienation of the land after acquisition.

9. Agreed also to pay such compensation for damages as may be determined under section 48 o the Land Acquisition Act. If there has to be a withdrawal notification.

Signature and Designation of the
Requisitioning Authority.
SECRETARY
...kkara Grama Panchayat

ALIGNMENT SKETCH SHOWING THE LAND PROPOSED FOR ACQUISITION FOR A PUBLIC MARKET ON BEHALF OF CHIRAKKARA GRAMA PANCHAYAT

Village - Paravoor Block: 32 Sy: No: 426 Part



കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചിറക്കര ഗ്രാമപഞ്ചായത്ത്-പൊതുമാർക്കറ്റ് സ്ഥാപിക്കുന്നതിന് സ്ഥലം പൊന്നുംവിലയ്ക്കെ ടുക്കുന്നതിന് തുക തനതുഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ (സാധാ)നം. 2859/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 12-10-2012

പരാമർശം : 1. 7-1-08 -ലെ സ.ഉ. (സാധാ) നം. 73/08/തസ്വഭവ

2. ചിറക്കര ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 14-9-12 ലെ സാധാരണ മീറ്റിംഗിലെ IV -ാം നമ്പർ തീരുമാനം

3. ചിറക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19-9-12 ലെ 27611/07 നമ്പർ കത്ത്.

ഉത്തരവ്

ചിറക്കര ഗ്രാമപഞ്ചായത്തിന് പബ്ലിക് മാർക്കറ്റ് സ്ഥാപിക്കുന്നതിനായി പരവൂർ വില്ലേജിൽ ബ്ലോക്ക് 32, സർവ്വേ നമ്പർ 426-ൽപ്പെട്ട 20 സെന്റ് സ്ഥലം അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി അക്വയർ ചെയ്യുന്നതിന് അനുമതി നല്കി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) മേൽ പൊന്നുംവില നടപടിയ്ക്കായി പഞ്ചായത്ത് പ്രോജക്ടിൽ ഉൾപ്പെടുത്തി പഞ്ചായത്ത് 2 ലക്ഷം രൂപ ജില്ലാ കളക്ടർക്ക് കെട്ടി വച്ചിട്ടുള്ളതിനു പുറമെ 347565/- രൂപ കൂടി പൊന്നുംവില നടപടികൾക്ക് ആവശ്യമായിട്ടുണ്ടെന്നും എന്നാൽ ടി ആവശ്യത്തിന് സമർപ്പിച്ച പ്രോജക്ട് അംഗീകരിച്ചിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ 2012-13 വർഷത്തെ ബഡ്ജറ്റ് ഹെഡ് നം. 4059-60-201-ൽ വക കൊള്ളിച്ചിട്ടുള്ള 5 ലക്ഷം രൂപയിൽ നിന്നും മേൽ തുക ചെലവഴിക്കുന്നതിന് പരാമർശം (2) പ്രകാരം ചിറക്കര ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും ആയതിന് അനുമതി നൽകണമെന്ന് സർക്കാരിനോട് അപേക്ഷിക്കുകയും ചെയ്തു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചിറക്കര ഗ്രാമപഞ്ചായത്തിന്റെ പരാമർശം (2) ലെ തീരുമാനത്തിന്റെയും പഞ്ചായത്ത് പ്രസിഡന്റിന്റെ പരാമർശം (3) ലെ അപേക്ഷയുടെയും അടിസ്ഥാനത്തിൽ ചിറക്കര ഗ്രാമപഞ്ചായത്തിൽ പബ്ലിക് മാർക്കറ്റിനുവേണ്ടി സ്ഥലം പൊന്നുംവില നടപടിയിലൂടെ ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് ചിറക്കര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ടി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് യാതൊരു വിധ സാമ്പത്തിക ബാധ്യതയോ വ്യവഹാരപരമായ ബാധ്യതയോ സർക്കാർ ഏറ്റെടുക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ.ആർ. ശ്രീലേഖ
അണ്ടർ സെക്രട്ടറി

To

പ്രസിഡന്റ്/സെക്രട്ടറി, ചിറക്കര ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല
ജില്ലാ കളക്ടർ, കൊല്ലം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ& ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

©

കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

വാല്യം 7 / Vol. VII — തിരുവനന്തപുരം, ചൊവ്വ / Thiruvananthapuram, Tuesday — 2018 ഡിസംബർ 4 / 4th December 2018 — 1194 വൃശ്ചികം 18 / 18th Vrischikam 1194 — 1940 അഗ്രഹായനം 13 / 13th Agrahayana 1940 — നമ്പർ / No. 48

# PART III

# Commissionerate of Land Revenue

### THIRUVANANTHAPURAM DISTRICT

### Neyyattinkara Taluk

പരസ്യം

(1)

നമ്പർ എ1-19973/2018. 2018 ഒക്ടോബർ 24.

നെയ്യാറ്റിൻകര താലൂക്കിൽ ആനാവൂർ വില്ലേജിൽ ആനാവൂർ പി. ഒ., ആലത്തൂർ, തലയ്ക്കോട്ടുകോണം, വിനോദ് ഭവനിൽ വിജു, വി. മരിച്ചുപോയതിനാൽ പരേതന്റെ പേരിൽ MACT കോടതിയിൽ ഹാജരാക്കുന്നതിനും മറ്റാവശ്യങ്ങൾക്കുമായി ഒരു അവകാശ സർട്ടിഫിക്കറ്റ് ലഭിക്കണമെന്ന് കാണിച്ച് ടി വീട്ടിൽ വർഗ്ഗീസ്, ഡി. ബോധിപ്പിച്ച അപേക്ഷയിൻമേൽ ആനാവൂർ വില്ലേജാഫീസർ മുഖേന അവകാശ വിചാരണ നടത്തിവന്ന റിക്കാർഡിൻ പ്രകാരം ടിയാൻ 11-4-2012-ൽ മരിച്ചുപോയതായും പരേതന്റെ നിയമാനുസൃതാവകാശിയായി

| | | വയസ് |
|---|---|---|
| വർഗ്ഗീസ്, ഡി. | പിതാവ് | 59 |

[illegible]മാണുള്ളതെന്നും പരേതന്റെ മാതാവ് നിർമ്മല, ജെ. [illegible]ിപ്പുണ്ടെന്നും അറിയുന്നതിനാൽ പരേതന്റെ പേരിൽ [illegible]വകാശ സർട്ടിഫിക്കറ്റ് മുഖേന ലഭിക്കാനുള്ള എല്ലാ ആനുകൂല്യങ്ങളും വാങ്ങുന്നതിനുള്ള അവകാശി മേൽപ്പറഞ്ഞയാൾ മാത്രമാണെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം അവർ ആ വിവരം പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം നേരിട്ട് ബോധിപ്പിക്കേണ്ടതാണ്. താമസിച്ചും തപാൽവഴിയും ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

(2)

നമ്പർ എ1-14090/2018. 2018 സെപ്റ്റംബർ 22.

നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ വിഴിഞ്ഞം, വിഴിഞ്ഞം പി. ഒ., വലിയപറമ്പിൽ മുഹമ്മദ് അബ്ദുൾ ഖാദർ മരിച്ചുപോയതിനാൽ പരേതന്റെ പേരിൽ ചേരി നിർമ്മാർജ്ജന പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനും മറ്റാവശ്യങ്ങൾക്കുമായി (രണ്ടുലക്ഷം രൂപ വരെയുള്ള) ഒരു അവകാശ സർട്ടിഫിക്കറ്റ് ലഭിക്കണമെന്ന് കാണിച്ച് ടി വീട്ടിൽ റഹുമാബീവി ബോധിപ്പിച്ച അപേക്ഷയിൻമേൽ വിഴിഞ്ഞം, വെങ്ങാനൂർ വില്ലേജാഫീസർമാർ മുഖേന അവകാശ വിചാരണ നടത്തിവന്ന റിക്കാർഡിൻ പ്രകാരം ടിയാൻ 3-9-2016-ൽ മരിച്ചുപോയതായും പരേതന്റെ നിയമാനുസൃതാവകാശികളായി

പട്ടിക

ജില്ല—കൊല്ലം.

താലൂക്ക്—കൊല്ലം. വില്ലേജ്—പരവൂർ.

(ഏകദേശ വിസ്തീർണ്ണം ചേർത്തിരിക്കുന്നു)

| ക്രമ നമ്പർ | വില്ലേജ് | ബ്ലോക്ക് | സർവ്വേ നമ്പർ | ഭൂമിയുടെ തരം | വിസ്തീർണ്ണം (ഹെ.ആർ. ച.മീറ്റർ) |
|---|---|---|---|---|---|
| 1 | പരവൂർ | 32 | 426/11-3 | പുരയിടം | 00.06.45 |
| 2 | പരവൂർ | 32 | 426/11-4 | പുരയിടം | |
| | | | | ആകെ | 00.06.45 |

ജില്ലാകളക്ടറുടെ കാര്യാലയം, കൊല്ലം. (ഒപ്പ്) ജില്ലാ. കളക്ടർ.

FORM No. 4

[*See* Rule 11 (3)]

NOTIFICATION

No. LA6-64819/2007. *23rd October 2018.*

WHEREAS, it appears to the District Collector that the land specified in the schedule below is needed or likely to be needed for a public purpose to wit for the construction of public market at Chirakkara Grama Panchayath.

AND WHEREAS, in exercise of the powers conferred by sub-section (1) of section 4 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013), District Collector has decided to conduct as Social Impact Assessment in the area specified in the schedule below.

NOW, THEREFORE, sanction is accorded to the District Level Social Impact Assessment Unit-2, Kollam to conduct a Social Impact Assessment study and to prepare a Social Impact Management plan as provided in the Act. The process shall be completed within a period of two months, not exceeding six months in any case.

SCHEDULE

District—Kollam.

Taluk—Kollam. Village—Parav

(The extent given is approximate)

| *Sl. No.* | *Village* | *Block* | *Sy. No.* | *Nature of Land* | *Extent H. Sqm.* |
|---|---|---|---|---|---|
| 1 | Paravoor | 32 | 426/11-3 | Purayidom | 00.06.45 |
| 2 | Paravoor | 32 | 426/11-4 | Purayidom | |
| | | | | Total | 00.06.45 |

Collectorate, Kollam. (Sd.) *District Collector*

ഫോറം നമ്പർ 4

[ചട്ടം 11 (3)]

വിജ്ഞാപനം

നമ്പർ എൽ.എ6-57980/2012. 2018 ഒക്ടോബർ 23

ചുവടെ പട്ടികയിൽ വിവരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് പരവൂർ നഗരസഭയുടെ മത്സ്യ മാർക്കറ്റിന്റെ നിർമ്മാണത്തിനായി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ ജില്ലാ കളക്ടർക്ക് ബോദ്ധ്യപ്പെട്ടതിനാലും;

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് 2013-ലെ (2013-ലെ 30-ാം കേന്ദ്ര ആക്റ്റ്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ജില്ലാ കളക്ടർ താഴെ പട്ടികയിൽ പറയുന്ന സ്ഥലത്ത് ഒരു സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നതിനാൽ;

ഇപ്പോൾ തന്മൂലം ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്-2, കൊല്ലം-നെ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ പ്രക്രിയ രണ്ട് മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതും, യാതൊരു കാരണവശാലും ആറ് മാസത്തിൽ അധികമാകാൻ പാടില്ലാത്തതുമാണ്.

(5)

നമ്പർ എ3-18370/2018. 2018 ഒക്ടോബർ 29.

കാട്ടാക്കട താലൂക്കിൽ മാറനല്ലൂർ വില്ലേജിൽ കണ്ടല അരുവിയോട് പള്ളിവീട്ടിൽ ഡി. വിൻസന്റ് മരിച്ചുപോയതിനാൽ പരേതന്റെ പേരിൽ ലഭിക്കാനുള്ള ആനുകൂല്യങ്ങൾ വാങ്ങുന്നതിനും മറ്റാവശ്യങ്ങൾക്കുമായി ഒരു അവകാശ സർട്ടിഫിക്കറ്റ് ലഭിക്കണമെന്ന് കാണിച്ച് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വിലാസത്തിലെ താമസക്കാരിയായ ശോഭ, എൽ. ബോധിപ്പിച്ച അപേക്ഷയിൻമേൽ മാറനല്ലൂർ, പ്രമാടം വില്ലേജാഫീസർമാർ മുഖേന അവകാശ വിചാരണ നടത്തുകയും റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും അതിൻപ്രകാരം ടിയാൻ 29-11-2013-ൽ മരിച്ചുപോയതായും പരേതന്റെ നിയമാനുസൃത അവകാശികളായി ചുവടെ ചേർക്കുന്നവരാണുള്ളതെന്നും കാണുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ശോഭ, എൽ. | ഭാര്യ | 47 |
| 2 | അരുൺ, വി. എസ്. | മകൻ | 28 |
| 3 | ആതിര, വി. എസ്. | മകൾ | 26 |

പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല. പരേതന്റെ പേരിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് മുഖേന ലഭിക്കാനുള്ള എല്ലാ ആനുകൂല്യങ്ങളും വാങ്ങുന്നതിനുള്ള അവകാശികൾ മേൽപ്പറഞ്ഞവർ മാത്രമാണെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് കൊടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം അവർ ആ വിവരം പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം നേരിട്ട് ബോധിപ്പിക്കേണ്ടതാണ്. സമയപരിധി കഴിഞ്ഞും തപാൽ വഴിയും ലഭിക്കുന്ന ആക്ഷേപങ്ങൾ സ്വീകരിക്കുന്നതല്ല.

(6)

നമ്പർ എ3-19310/2018. 2018 നവംബർ 24.

കാട്ടാക്കട താലൂക്കിൽ വീരണക്കാവ് വില്ലേജിൽ കള്ളിക്കാട് ലാവണ്യയിൽ ഗോപി എൻ. പണിക്കർ മരിച്ചുപോയതിനാൽ പരേതന്റെ പേരിൽ ലഭിക്കാനുള്ള ആനുകൂല്യങ്ങൾ വാങ്ങുന്നതിനും മറ്റാവശ്യങ്ങൾക്കുമായി ഒരു അവകാശ സർട്ടിഫിക്കറ്റ് ലഭിക്കണമെന്ന് കാണിച്ച് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വിലാസത്തിലെ താമസക്കാരിയായ സ്വയംപ്രഭ, കെ. ബോധിപ്പിച്ച അപേക്ഷയിൻമേൽ വീരണക്കാവ് വില്ലേജാഫീസർ മുഖേന അവകാശ വിചാരണ നടത്തുകയും റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും അതിൻപ്രകാരം ടിയാൻ 17-3-2014-ൽ മരിച്ചുപോയതായും പരേതന്റെ നിയമാനുസൃത അവകാശികളായി ചുവടെ ചേർക്കുന്നവരാണുള്ളതെന്നും കാണുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | സ്വയംപ്രഭ, കെ. | ഭാര്യ | 55 |
| 2 | അഖിലേഷ് ഗോപി | മകൻ | 30 |
| 3 | അഖില എസ്. ഗോപി | മകൾ | 23 |

പരേതന്റെ മാതാവ് ജീവിച്ചിരിപ്പില്ല. പരേതന്റെ പേരിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് മുഖേന ലഭിക്കാനുള്ള എല്ലാ ആനുകൂല്യങ്ങളും വാങ്ങുന്നതിനുള്ള അവകാശികൾ മേൽപ്പറഞ്ഞവർ മാത്രമാണെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് കൊടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം അവർ ആ വിവരം പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം നേരിട്ട് ബോധിപ്പിക്കേണ്ടതാണ്. സമയപരിധി കഴിഞ്ഞും തപാൽ വഴിയും ലഭിക്കുന്ന ആക്ഷേപങ്ങൾ സ്വീകരിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
കാട്ടാക്കട. തഹസീൽദാർ.

## KOLLAM DISTRICT

ഫോറം നമ്പർ 4

[ചട്ടം 11 (3)]

### വിജ്ഞാപനം

നമ്പർ എൽ.എ6-64819/2007. 2018 ഒക്ടോബർ 23.

ചുവടെ പട്ടികയിൽ വിവരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് ചിറയ്ക്കര ഗ്രാമപഞ്ചായത്തിന് പബ്ലിക് മാർക്കറ്റിന്റെ നിർമ്മാണത്തിനായി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ ജില്ലാ കളക്ടർക്ക് ബോദ്ധ്യപ്പെട്ടതിനാലും;

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് 2013-ലെ (2013-ലെ 30-ാം കേന്ദ്ര ആക്റ്റ്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ജില്ലാ കളക്ടർ താഴെ പട്ടികയിൽ പറയുന്ന സ്ഥലത്ത് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നതിനാൽ;

ഇപ്പോൾ തന്മൂലം ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്-2, കൊല്ലം-നെ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ പ്രക്രിയ രണ്ട് മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതും, യാതൊരു കാരണവശാലും ആറ് മാസത്തിൽ അധികമാകാൻ പാടില്ലാത്തതുമാണ്.

## കൊല്ലം ജില്ലാകലക്ടറുടെ നടപടി ക്രമം

( ഹാജർ ഡോ.എസ് കാർത്തികേയൻ ഐ എ എസ് )

എൽ എ 6/ 64819/07 തീയതി 29/09/18

വിഷയം-RFCT-LARR ആക്ട് -2013-ചിറക്കര ഗ്രാമ പഞ്ചായത്തിന് പബ്ലിക് മാർക്കറ്റ് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള സ്ഥലമെടുപ്പ്-സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിന് യൂണിറ്റിനെ നിയോഗിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്.

സൂചന-1)1908/17/ത സ്വ ഭ വ,തീയതി 9/6/17,തദ്ദേശസ്വയംഭരണ(ആർ സി ) വകുപ്പ്

2)1/07/17 ലെ സെക്രട്ടറി ചിറക്കര ഗ്രാമ പഞ്ചായത്തിന്റെ സി1/1/07 നമ്പർ കത്ത്

3)സ്പെഷ്യൽ തഹസീൽദാർ എൽ എ നമ്പർ (2) ,കണ്ടറയുടെ 26/9/17 ലെ സി 342/11 നമ്പർ കത്ത്.

4)ജില്ലാകലക്ടറുടെ 12.12.17,6/1/18,8/6/18 തീയതികളിലെ എൽ എ 2/75272/17 നമ്പർ നടപടി ക്രമം

5)ലാൻഡ് റവന്യൂ കമ്മീഷണറുടെ 16/6/18 ലെ എൽ ആർ സി8/21628/18 നമ്പർ കത്ത്

6) 6/9/18 ലെ ക്വട്ടേഷൻ നോട്ടീസ്

കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ പരവൂർ വില്ലേജിൽ ബ്ലോക്ക് 32 ൽ സർവ്വേ 426 ൽ പെട്ട 6.25 ആർ സ്ഥലം ചിറക്കര ഗ്രാമ പഞ്ചായത്തിന് പബ്ലിക് മാർക്കറ്റ് നിർമ്മിക്കുന്നതിനു വേണ്ടി RFCTLARR ആക്ട് 2013 പ്രകാര ഏറ്റെടുക്കുന്നതിന് സൂചന (1)പ്രകാരം സർക്കാർ ഉത്തരവായിരുന്നു.അർത്ഥനാധികാരിയായ സെക്രട്ടറി ,ചിറക്കര ഗ്രാമ പഞ്ചായത്ത് സൂചന (2) പ്രകാരം അർത്ഥനാപത്രം ,അനുബന്ധ രേഖകൾ എന്നിവ സമർപ്പിരുന്നതും സൂചന (3) പ്രകാരം സ്പെഷ്യൽ തഹസീൽദാർ എൽ എ നമ്പർ (2) ,കണ്ടറ സംയുക്തസ്ഥലപരിശോധനാ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നതുമാണ്.

ഭൂമി ഏറ്റെടുക്കലിന്റെ ന്യായമായ നഷ്ടപരിഹാരത്തിനും,പുനസ്ഥാപനത്തിനും പുനരധിവാസത്തിനുമുള്ള ആക്ട് 2013 പ്രകാരം സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിന് സൂചന (4) പ്രകാരം യൂണിറ്റിനെ നിയോഗിച്ച് ഉത്തരവായിട്ടുള്ളതാണ്.ടി സ്ഥമമെടുപ്പിനായി സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിന്റെ ചെലവ് സംബന്ധിച്ച് സൂചന (6) പ്രകാരം ലെ ക്വട്ടേഷൻ നോട്ടീസ് നൽകിയിരുന്നതും,SIA യൂണിറ്റ്-1, ,SIA യൂണിറ്റ് -2 എന്നിവ ക്വട്ടേഷൻ സമർ പ്പിച്ചിരുന്നു,SIA യൂണിറ്റ് -2 നൽകിയ എസ്റ്റിമേറ്റ് 13,000/-രൂപയുടേതായിരുന്നു.കുറഞ്ഞ തുകക്കും,,കുറഞ്ഞ സമയത്തിനും ക്വട്ടേഷൻ നൽകിയ SIA യൂണിറ്റ് -2 കൊല്ലത്തിന് ജി ഒ (പി)

# IDEAL CONSULTANCY

Peoples Nagar 150, Kollam

[illegible]

[illegible]

[illegible]


Date ..........

സെക്രട്ടറി,

പരവൂർ മുനിസിപ്പാലിറ്റി.

സർ,

**വിഷയം: കോട്ടപ്പുറം വില്ലേജ് - മത്സ്യമാർക്കറ്റ് സ്ഥലമെടുപ്പ് പൊതുവിചാരണ സംബന്ധിച്ച് :**

**സൂചന: ജില്ലാ കളക്ടറുടെ LA6/57890/12 നം. ഉത്തരവ്**

കൊല്ലം താലൂക്കിൽ കോട്ടപ്പുറം വില്ലേജിൽ ബ്ലോക്ക് 34 ൽ റീസർവ്വേ 260/123, 260/124 എന്നീ നമ്പരുകളിൽപ്പെട്ട 12.85 ആർസ് (31.73 സെന്റ്) പുരയിടം പരവൂർ മുനിസിപ്പൽ മത്സ്യമാർക്കറ്റ് വികസനം എന്ന പൊതു ആവശ്യത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനുമുള്ള അവകാശം നിയമം 2013 ചട്ടം 2015 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ആക്ഷേപമുള്ളവരുടെ അഭിപ്രായങ്ങൾ കേൾക്കുന്നതിന് 28-01-2019 പകൽ 11 മണിക്ക് കൊല്ലം ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ പൊതുഹിത വിചാരണ നടത്തുന്നതിന് തീരുമാനിച്ച് പത്രപരസ്യം നൽകിയിട്ടുള്ളതാണ്. എന്നാൽ ആരും തന്നെ അഭിപ്രായം അറിയിക്കാൻ ഹാജരാകാത്ത സാഹചര്യത്തിൽ 26-03-2019 പകൽ 10 മണിക്ക് പരവൂർ മുനിസിപ്പൽ ആഫീസിൽ വച്ച് വീണ്ടും വിചാരണ നടത്തുന്നതാണ്. ആയതിനുള്ള സൗകര്യങ്ങൾ ചെയ്തുതരണമെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ടീം ലീഡർ

SIA Unit - 2

## ഒറ്റനോട്ടത്തിൽ

### പൊതുഹിത വിചാരണ 26ന്

കൊല്ലം ● കോട്ടപ്പുറം വില്ലേജിൽ ബ്ലോക്ക് 34 ൽ റീ സർവേ 260/123,260/124 നമ്പറുകളിൽപ്പെട്ട 12.85 ആർ പുരയിടം പരവൂർ മുനിസിപ്പൽ മത്സ്യമാർക്കറ്റ് വികസനത്തിനായി ഏറ്റെടുക്കുന്നു. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ആക്ഷേപമുള്ളവരുടെ അഭിപ്രായങ്ങൾ കേൾക്കുന്നതിനുള്ള പൊതുഹിത വിചാരണ 26നു 10 നു പരവൂർ മുനിസിപ്പൽ ഓഫിസിൽ നടക്കും. ആക്ഷേപങ്ങൾ രേഖാമൂലമോ നേരിട്ടോ സമർപ്പിക്കാം.

പരവൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 32 ൽ റീ സർവേ 426/26, 426/27 നമ്പറുകളിൽപ്പെട്ട 6.25 ആർ പുരയിടം ചിറക്കര പഞ്ചായത്ത് പബ്ലിക് മാർക്കറ്റിനായി ഏറ്റെടുക്കുന്നു. ആക്ഷേപമുള്ളവരുടെ അഭിപ്രായങ്ങൾ കേൾക്കുന്നതിനു ഈ മാസം 26 നു രാവിലെ 11നു ചിറക്കര ഗ്രാമപഞ്ചായത്ത് ഓഫിസിൽ പൊതുവിചാരണ നടത്തും. ആക്ഷേപങ്ങൾ രേഖാമൂലമോ നേരിട്ടോ സമർപ്പിക്കാം.

### കൊടിമരം നശിപ്പിച്ചു

ചാത്തന്നൂർ ● ചിറക്കര പഞ്ചായത്തിലെ ഇടവട്ടം വാഴവിള ജംക്ഷനിൽ കോൺഗ്രസിന്റെ കൊടിയും കൊടിമരവും നശിപ്പി

# പ്രാദേശികം

DEAL OF THE DAY

# കിണറ്റുവെള്ളത്തിൽ ഡീ ദുരിതമകലാതെ പരക്കു

കൊട്ടിയം ● പരക്കുളത്തെ കിണറുകളിൽ ഡീസൽ സാന്നിധ്യം കാണാൻ തുടങ്ങിയിട്ട് 1 വർഷം. എന്നാൽ ശാസ്ത്രീയമായ പരിശോധന ഇതുവരെയും നടത്താത്തതിനാൽ ഇതിന്റെ ഉറവിടം കണ്ടെത്തുന്നതിൽ അവ്യക്തത തുടരുന്നു. പ്രദേശത്തെ കിണറുകളിലെ വെള്ളം ഉപയോഗശൂന്യമാണ്. സമീപത്തെ സ്വകാര്യ പെട്രോൾ പമ്പിൽ നിന്ന് ഡീസൽ ചോർന്നിറങ്ങുന്നുവെന്നാണു നാട്ടുകാരുടെ പരാതി. പരിശോധന നടത്തിയെങ്കിലും ചോർച്ച ഇതല്ല കാരണം എന്നായിരുന്നു ഐഒസി ഉദ്യോഗസ്ഥരുടെ വിശദീകരണം. ഒടുവിൽ സൗജന്യമായി വാട്ടർ അതോറിറ്റിയുടെ കണക്‌ഷൻ നൽകി. വെള്ളം സൗജന്യമായിരിക്കുമെന്നാണ് ആദ്യം പറഞ്ഞതെങ്കിലും

ഉപ ബി ഇത കി സാ സ് നാ

## പ്രതികരണം

പല തവണ അധികൃതരോടു പറഞ്ഞിട്ടും തിരിഞ്ഞു നോക്കിയില്ല. ഒടുവിൽ പ്രതിഷേ



കിണർ വെള്ളത്തിൽ 75% ഡീസലാണ്, തീ കത്തിക്കാൻ ഉപയോഗിക്കാം. പക്ഷെ



ജലസമ്പു റുകൾ കാരോട് അധ

നമ്പർ485/15/ആർ ഡി നമ്പർ ഉത്തരവ് ,മറ്റ് സർക്കാർ നിർദ്ദേശങ്ങൾ എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി RFCT-LARR ആക്ട് -2013 വകുപ്പ് (4) പ്രകാരം സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിന് നിയോഗിച്ച് ഉത്തരവായിട്ടുള്ളതാണ്. പഠനറിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. ടി പഠന റിപ്പോർട്ടിൻെറ ചെലവ് അർത്ഥനാധികാരിയായ സെക്രട്ടറി,ചിറക്കര ഗ്രാമ പഞ്ചായത്ത് വഹിക്കേണ്ടതാണ്.സർക്കാരിൽ നിന്ന് യഥാസമയങ്ങളിൽ ലഭ്യമാകുന്ന നിർദ്ദേശങ്ങളും,ഉത്തരവുകളും യൂണിറ്റിനെ യഥാസമയം അറിയിക്കുന്നതും,ആയത് പ്രകാരം തന്നിരിക്കുന്ന പ്രോജക്ടിൽ ഇക്കാര്യം കൂടി പരിഗണിച്ച് ജോലികൾ സമയപരിധിക്കുള്ളിൽ തന്നെ പൂർത്തിയാക്കേണ്ടതാണ്.

ടി സ്ഥലമെടുപ്പിൻെറ ലാൻഡ് അക്വിസിഷൻ ഓഫീസർ ,സ്പെഷ്യൽ തഹസീൽദാർ എൽ എ നമ്പർ (2),കണ്ടറ,അർത്ഥനാധികാരി സെക്രട്ടറി ,ചിറക്കര ഗ്രാമ പഞ്ചായത്ത് എന്നിവരുമാകുന്നു.ഈ ജോലിയുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ അറിയുവാൻ ടി കാര്യാലയവുമായി ബന്ധപ്പെടേണ്ടതാണ്.

(ഒപ്പ്)

ജില്ലാകലക്ടർ

To

പ്രോജക്ട് ഡയറക്ടർ

SIA യൂണിറ്റ് -2 (ഐഡിയൽ കൺസൽട്ടൻസി )കൊല്ലം

പകർപ്പ്

1) സ്പെഷ്യൽ തഹസീൽദാർ എൽ എ നമ്പർ (2),കണ്ടറ -4(1) നോട്ടിഫിക്കേഷൻ തയ്യാറാക്കി നൽകേണ്ടതാണ്.

2)സെക്രട്ടറി ,ചിറക്കരഗ്രാമ പഞ്ചായത്ത്

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടി കലക്ടർ (എൽ എ)